**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2069 18.07.2016 – ൽ മറുപടിയ്ക്ക്**

## റോഡുകളുടെ ഗുണനിലവാര പരിശോധന

**ചോദ്യം**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ :**

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന റോഡുകളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ പല ഏജൻസികളും നിലവിലുള്ളപ്പോൾത്തന്നെ ഇക്കാര്യത്തിൽ ഗുരുതരമായ പോരായ്മകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവ ദേശീയപാത ഗുണനിലവാര വിഭാഗം പരിശോധിക്കാറുണ്ട്. ഇക്കാര്യത്തിൽ പോരായ്മകൾ ഉണ്ടായിട്ടുണ്ട്. വിശദമായി പരിശോധിച്ചുവരികയാണ്. ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് **NH47** പരിശോധിച്ചു വരുന്നു.<br>നിരത്ത് വിഭാഗത്തിൽ ഇക്കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാനും പോരായ്മകൾ പരിഹരിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം രൂപീകരിക്കുകയും ഇതിന്റെ കീഴിൽ നിർമ്മാണ പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിലേയ്ക്കായി വിവിധ ജില്ലകളിലായി ഓഫീസുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ചുവർഷം ഗുണനിലവാര പരിശോധനയിൽ വീഴ്ച കണ്ടെത്തിയതിനെ ത്തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; ഇതിന്റെ പേരിൽ ലഭിച്ച ശിക്ഷാനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ? | (ബി) | പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻ കീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഗുണനിലവാര പരിശോധനയിൽ വീഴ്ച കണ്ടെത്തി രജിസ്റ്റർ ചെയ്ത കേസുകളൊന്നും തന്നെ നിലവിലില്ല. എന്നാൽ നിരത്ത് വിഭാഗത്തിൽ ഗുണനിലവാരം പരിശോധനയിൽ വീഴ്ച കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു. എങ്കിലും കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**